പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140 — 14.6.2013-ന് മറുപടിക്ക്

# കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഇ-ടെൻഡറിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>,, പി. സി. വിഷ്ണുനാഥ്<br>,, പാലോട് രവി<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | നഗരങ്ങളിൽ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഇ-ടെൻഡറിംഗ് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) | നഗരങ്ങളിൽ ഉൾപ്പെടെ തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സ്ഥാപനങ്ങളിലേയും കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെൻഡറിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് നടപടി സ്വീകരിച്ചുവരികയാണ്. |
| ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | ബി) | ടെൻഡർ നടപടികൾ സുതാര്യമാക്കാൻ സാധിക്കും. |
| സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | സി) | നാഷണൽ ഇൻഫോർമേഷൻ സെന്റർ, ഇൻഫോർമേഷൻ കേരള മിഷൻ എന്നീ സ്ഥാപനങ്ങളാണ് ടി പ്രവൃത്തിയുമായി സഹകരിക്കുന്നത്. |
| ഡി) | എന്തെല്ലാം സൗകര്യങ്ങളാണ് ഇതു വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ? | ഡി) | 1. ടെൻഡർ നടപടികൾ സുതാര്യമാക്കുന്നു.<br>2. പത്രങ്ങളിൽ നൽകുന്ന വിശദമായ ടെൻഡർ പരസ്യങ്ങൾ ഒഴിവാക്കാവുന്നതാണ്. ഇതുമൂലം പത്രപരസ്യത്തിന്റെ ചെലവ് ഭാഗികമായി ലാഭിക്കാവുന്നതാണ്.<br>3. വെബ്സൈറ്റ് വഴി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനാൽ ടെൻഡർ നടപടിക്രമങ്ങളിലെ സമയനഷ്ടം ഒഴിവാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ